# റിസർവ് ബാങ്ക് ഒഫ് ഇൻഡ്യ

## പ്രസ് റിലീസ്

2020 ഏപ്രിൽ 29

**ബാങ്കിംഗ് റഗുലേഷൻ നിയമം 1949 (എ എ സി എസ്) 35 എ വകുപ്പു പ്രകാരം ദി നീഡ്സ് ഒഫ് ലൈഫ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, മുംബയ്, മഹാരാഷ്ട്രയ്ക്കു നൽകുന്ന മാർഗനിർദ്ദേശം**

ദി നീഡ്സ് ഒഫ് ലൈഫ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, മുംബയ്, മഹാരാഷ്ട്ര 2018 ഒക്ടോബർ 26 ലെ ഉത്തരവ് നമ്പർ ഡിസിബിഎസ്. സിഒ.ബിഎസ്.ഡി - ഐ / ഡി - 3/12.22.163/2018 - 19 പ്രകാരം 2018 ഒക്ടോബർ 29 ലെ പ്രവർത്തനസമയത്തിനു ശേഷം ആറു മാസത്തേയ്ക്ക് ഭാരതീയ റിസർവ് ബാങ്കിന്റെ പ്രത്യേക മാർഗനിർദ്ദേശത്തിൻ കീഴിലാക്കിയിരുന്നു. 2019 ഒക്ടോബർ 16 ലെ ഉത്തരവ് നമ്പർ ഡിസിബിആർ. സിഒ. എഐഡി /നം. ഡി.-31/ 12.22.160 / 2019-20 പ്രകാരം മേൽ നിർദ്ദേശത്തിന്റെ കാലാവധി പുന: പരിശോധനയ്ക്കു വിധേയമായി 2019 ഒക്ടോബർ 16 മുതൽ 2020 ഏപ്രിൽ 29 വരെ നീട്ടിനൽകിയിരുന്നു.

2. ഈ നോട്ടിഫിക്കേഷനിലൂടെ പൊതുജനങ്ങളെ അറിയിക്കുന്നതെന്തെന്നാൽ ഭാരതീയറിസർവ് ബാങ്കിന് 1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം സെക്ഷൻ 35 എ, സബ് സെക്ഷൻ (1) പ്രകാരവും, അതിനോടൊപ്പം സെക്ഷൻ 56 പ്രകാരവും ലഭിച്ചിട്ടുള്ള അധികാരമനുസരിച്ച് 2018 ഒക്ടോബർ 26 ലെ ഉത്തരവ് നമ്പർ ഡിസിബിഎസ്.സിഒ.ബിഎസ്ഡി-ഐ/ഡി-3/12.22.163/2018 - 19 പ്രകാരം ബാങ്കിനു നൽകിയിട്ടുള്ളതും, 2020 ഏപ്രിൽ 29 വരെ കാലാവധി നീട്ടിനൽകിയിട്ടുള്ളതുമായ മാർഗനിർദ്ദേശത്തിന്റെ കാലാവധി 2020 ഏപ്രിൽ 24 ലെ ഡിഒആർ.സിഒ. എഐഡി / ഡി - 76/12.22.160/2019-20 ഉത്തരവു പ്രകാരം, പുന: പരിശോധനയ്ക്കുവിധേയമായി

2020 ഏപ്രിൽ 30 മുതൽ 2020 ഒക്ടോബർ 31വരെ 6 മാസത്തേയ്ക്കു കൂടി നീട്ടിയിരിക്കുന്നു.

3. മേൽ സൂചിപ്പിച്ച മാർഗനിർദ്ദേശത്തിലെ മറ്റു നിബന്ധനകൾ മാറ്റമില്ലാതെ തുടരും. കാലാവധി നീട്ടിനൽകിയ 2020 മേയ് 24 ലെ മാർഗനിർദ്ദേശം നമ്പർ ഡിഒആർ.സിഒ. എഐഡി / നമ്പർ. ഡി - 76/12.22.160/2019-20 പകർപ്പ് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി ബാങ്ക് പരിസരത്ത് പതിച്ചിട്ടുണ്ട്.

4. മേൽ സൂചിപ്പിച്ച കാലാവധി നീട്ടിനൽകൽ / പുതുക്കൽ നിർദേശം നൽകിയെന്നു കരുതി ഭാരതീയ റിസർവ് ബാങ്ക് പ്രസ്തുത ബാങ്കിന്റെ ധനസ്ഥിതിയിൽ സംതൃപ്തരാണെന്ന് കരുതാൻ പാടുള്ളതല്ല.

**(യോഗേഷ് ദയാൽ)**
ചീഫ് ജനറൽ മാനേജർ

**പത്ര പ്രസ്താവന: 2019-2020/2286**